## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

### പ്രവചന കാലയളവ് 30.7.2022 മുതൽ 03.8.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 30/2022,(60) വെള്ളിയാഴ്ച | തീയ്യതി 29/7/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീക രണം (മി.മി) |
|---|---|---|---|---|---|---|---|
| (9.4) | (30.1-32.0) | (23.2-25.3) | (92-99) | (66-89) | (1.4-2.9) | (1.4-8.5) | (1.8-4.6) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 30.07.2022 | 31.07.2022 | 01.08.2022 | 02.08.2022 | 03.08.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 5 | 6 | 15 | 38 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 5 | 5 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 250 | 340 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2022 ജൂലൈ 30 | 2022 ജൂലൈ 31 | 2022 ആഗസ്റ്റ് 01 | 2022 ആഗസ്റ്റ് 02 | 2022 ആഗസ്റ്റ് 03 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | സാമാന്യം ഭേദപ്പെട്ട മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ:** താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മഴക്കാലത്ത് കാർഷിക വിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) ചിനപ്പു പൊട്ടുന്ന പരുവം | ഗാളീച്ച | നെല്ലിൽ ഗാളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി ഒരു ഏക്കറിന് 5 കിലോഗ്രാം കാർബോസൾഫാൻ ഇട്ടുകൊടുക്കുക. |
| തെങ്ങ് | പരിചരണം | മഴക്കാലത്ത് തടം തുറന്ന ഒരോ വലിയ തെങ്ങിനും 25 മുതൽ 50 കിലോഗ്രാം വരെ ജൈവവളം ഇട്ടുകൊടുക്കാവുന്നതാണ്. |
| വാഴ | കുഴിപ്പുള്ളിരോഗം | താഴ്ന്ന പ്രദേശങ്ങളിലെ വാഴ തോട്ടങ്ങളിൽ നീർവാർച്ചാ സൗകര്യം ഉറപ്പു വരുത്തുക. പാകമായ കായകളിൽ കറുപ്പു കലർന്ന തവിട്ടു നിറത്തിലുള്ള വൃത്താകൃതിയിലുള്ള കുഴിഞ്ഞ പുള്ളികൾ കാണുന്നതാണ് രോഗലക്ഷണം. ഇതിനെ നിയന്ത്രിക്കാൻ തോട്ടത്തിലെ ഉണങ്ങിയതും രോഗം ബാധിച്ചതുമായ ഇലകൾ മുറിച്ചു മാറ്റേണ്ടതും, കുല പൊതിയുകയും ചെയ്യേണ്ടതാണ്. തുടർച്ചയായി രോഗം കാണുന്ന സ്ഥലങ്ങളിൽ മഴക്കാലത്ത് കുല മൂപ്പെത്തുന്ന പക്ഷം കുല വിരിഞ്ഞ് ഒരു മാസത്തിനുള്ളിൽ അര മില്ലി അസോക്സിസ്ട്രോബിൻ അല്ലെങ്കിൽ അര ഗ്രാം ടെബുകൊണാസോൾ + ട്രൈഫ്ളോക്സിസ്ട്രോബിൻ (നാറ്റീവോ) ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുലകളിൽ തളിക്കുക. മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| പച്ചക്കറികൾ (പയർ ) | കരിവള്ളിക്കേട് | മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| മൃഗസംരക്ഷണം (CAADECCS, KVASU, Mannuthy). | കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിതീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം. കുളമ്പു രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. | |